പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2494

20.06.2012-ൽ മറുപടിയ്ക്ക്

"ഈസ്റ്റേൺ കോറിഡോർ ഇക്കോ സർക്യൂട്ട് പദ്ധതി"

ചോദ്യം
ശ്രീ. കെ.ദാസൻ

ഉത്തരം
ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

| ചോദ്യം | ഉത്തരം |
|---|---|
| എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള "ഈസ്റ്റേൺ കോറിഡോർ ഇക്കോ സർക്യൂട്ട് പദ്ധതി" എന്താണെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, അത് വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്നിവ എന്താണെന്നും വിശദമാക്കുമോ; | എ) പശ്ചിമഘട്ടത്തിന്റെ താഴ്‌വരയായ വണ്ടൂർ കരുവാരക്കുണ്ട് മുതൽ തുഷാര ഗിരി വരെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് 'ഈസ്റ്റേൺ കോറിഡോർ പദ്ധതി' വിഭാവനം ചെയ്തിരിക്കുന്നത്. വണ്ടൂർ, നിലമ്പൂർ, ഏറനാട് മേഖലകളിലെ പ്രധാന ടൂറിസം സാധ്യതകൾ ഉള്ള സ്ഥലങ്ങളെ കണ്ടെത്തുകയും അവിടങ്ങളിൽ ടൂറിസ്റ്റുകൾക്കാവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഒരുക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കേരളാംകുണ്ട്, നട്മഗ് വാലി, വണ്ടൂർ ടൗൺ സ്ക്വയർ, വണ്ടൂർ ചിൽഡ്രൻസ് പാർക്ക്, ആഢ്യൻപാറ വെള്ളച്ചാട്ടം, വാണിയമ്പാറ, ഗേറ്റ് വേ ഓഫ് നിലമ്പൂർ, ഉണർവ്വ് പ്രോജക്റ്റ്, ഓൾഡ് ടി.എഫ്.ഒ ബംഗ്ലാവിന്റെ പുനരുദ്ധാരണം, നിലമ്പൂർ തേക്ക് മ്യൂസിയം, കനോലി പ്ലോട്ട്, വഴിക്കടവ്- കെട്ടുങ്ങൽ റെസ്പൈറ്റ്, തുഷാര ഗിരി വെള്ളച്ചാട്ടം എന്നീ പദ്ധതികൾക്കാണ് ഈസ്റ്റേൺ കോറിഡോർ പദ്ധതിയിൽ പ്രധാന്യം നൽകുന്നത്. |
| ബി). മുൻ സർക്കാർ പ്രഖ്യാപിച്ച കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി സ്പൈസ് റൂട്ട് ഹെറിറ്റേജ് വില്ലേജ് പദ്ധതി, സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച ടൂറിസം പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | ബി ) പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ